(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രിയിലെ ശോച്യാവസ്ഥയെക്കുറിച്ചുള്ള വിവരങ്ങൾ വിശദമായി റിപ്പോർട്ടുചെയ്യുവാനും, പരാതിയിൽ പറഞ്ഞിരിക്കുന്ന അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമല്ലെങ്കിൽ ജില്ലാ പഞ്ചായത്ത്, ആശുപത്രി വികസന സമിതി എന്നിവയുടെ സഹായത്തോടുകൂടി അത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം.)-ക്ക് നാട്ടുചികിത്സാ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

അഴീക്കോട് ഗ്രാമപഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി

217 (219) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിൽ ഒരു ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കണമെന്ന ആവശ്യം സർക്കാർ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

നെടുവത്തൂർ പഞ്ചായത്തുകളിൽ ഹോമിയോ ആയുർവേദ ഡിസ്പെൻസറികൾ അനുവദിക്കാൻ നടപടി

218 (220) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുവത്തൂർ നിയോജകമണ്ഡലത്തിലെ 7 പഞ്ചായത്തുകളിൽ എവിടെയൊക്കെ ഹോമിയോ-ആയുർവേദ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഹോമിയോ-ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ഈ സാമ്പത്തികവർഷം തന്നെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നെടുവത്തൂർ നിയോജക മണ്ഡലത്തിലെ പവിത്രേശ്വരം പഞ്ചായത്തിൽ ഹോമിയോ ആയുർവേദ ഡിസ്പെൻസറികളും, വെളിയം, എഴുകോൺ, കരിപ്ര എന്നീ മൂന്ന് പഞ്ചായത്തുകളിൽ ആയുർവേദ ഡിസ്പെൻസറികളും നിലവിലുണ്ട്.

(ബി) ബന്ധപ്പെട്ട പഞ്ചായത്തിന്റെ ആവശ്യകത പരിഗണിച്ചും ധനലഭ്യത അനുസരിച്ചും മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുവാൻ നടപടി

219 (221) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാനത്ത് എത്ര ആയുർവേദ ഡിസ്പെൻസറികളും എത്ര ഹോമിയോ ഡിസ്പെൻസറികളും ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) വർക്കല നിയോജകമണ്ഡലത്തിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിൽ ഈ രണ്ട് സ്ഥാപനങ്ങളും ഇല്ലാത്ത സ്ഥിതിക്ക് ഇവയിലേതെങ്കിലും ഒന്ന് പ്രവർത്തിപ്പിക്കുന്നതിന് അനുവാദം നൽകുമോ ;

(സി) മത്സ്യത്തൊഴിലാളി മേഖലയായ വെട്ടൂർ പഞ്ചായത്തിൽ ആവശ്യമായ വൈദ്യസഹായം ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അടിയന്തിരമായി വെട്ടൂർ പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുവാൻ അനുവാദം നൽകുമോ ;

(ഡി) തിരുവനന്തപുരം ജില്ലാ ആയുർവേദ ആശുപത്രിയായ വർക്കലയിൽ പഞ്ചകർമ്മ ചികിത്സാ പദ്ധതി ആരംഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ഇ) വർക്കല ഗവൺമെന്റ് ആശുപത്രിയിലെ എക്സ്റേ യൂണിറ്റിന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഈ സാമ്പത്തിക വർഷം ആയുർവേദ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ ഇതുവരെ തീരുമാനം ആയിട്ടില്ല.

(ഡി) അടയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly